(ബി & സി) സംസ്ഥാനത്ത് പൊതുവെയുള്ള ക്രമസമാധാനം, പൊതുജനസേവനത്തിനുള്ള പോലീസുകാരുടെ എണ്ണം, കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണത്തിലെ കുറവ്, കുറ്റകൃത്യങ്ങൾ യഥാസമയം റിപ്പോർട്ടു ചെയ്യുന്നതിനുള്ള സൗകര്യം, കൊല, തട്ടികൊണ്ടുപോകൽ, ബലാൽസംഗം, പീഡനം എന്നിവയിലുണ്ടായിട്ടുള്ള കുറവ് തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്ത് ഇന്ത്യയിലെ പ്രമുഖമായ ഒരു സ്വകാര്യ ഏജൻസി കേരളത്തെ മികച്ച ക്രമസമാധാനപാലനത്തിനുള്ള അവാർഡിനായി തെരഞ്ഞെടുക്കുകയുണ്ടായി.

ക്രൈം 375/10 നമ്പർ കേസിലെ പ്രതിക്കെതിരെ സ്വീകരിച്ച നടപടികൾ

40 (4646) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം 375/10 നമ്പരായി പാറശ്ശാല പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ പ്രതിയായ ശ്രീ. ടി. എസ്. ബാലൻ എന്ന വ്യക്തിക്കെതിരെ ഏതൊക്കെ വകുപ്പിൽപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണം പൂർത്തീകരിച്ച് എന്ന് ചാർജ്ജ് കൊടുക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ശ്രീ. ടി. എസ്. ബാലനെതിരെ മറ്റേതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് ഉള്ളതായി അറിയാമോ ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും, ഏതൊക്കെ വകുപ്പുകളനുസരിച്ചെന്നും, ഏതൊക്കെ കേസുകളിലാണ് ടിയാനെ അറസ്റ്റ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഇ) ശ്രീ. ടി. എസ്. ബാലൻ ഏതെങ്കിലും പത്ര/മാസിക പ്രസിദ്ധീകരണം നടത്തുന്നതായി അറിയാമോ ; ടി പത്ര/മാസികയിൽ ആരെയെങ്കിലും അപകീർത്തിപ്പെടുത്തുന്ന വാർത്ത പ്രസിദ്ധീകരിച്ചതായി ഏതെങ്കിലും പരാതി ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) അപകീർത്തിപ്പെടുത്തുന്ന രീതിയിൽ വാർത്ത നൽകിയ വകയിൽ ഏതെങ്കിലും കേസിൽ ടിയാനെ ശിക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly.

(ജി) ലൈസൻസിന് വിരുദ്ധമായി പത്ര സ്ഥാപനം നടത്തിയ വകയിലും അപകീർത്തിപ്പെടുത്തുന്ന തരത്തിൽ വാർത്ത പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിലും ടിയാനെതിരെയും, സ്ഥാപനത്തിനെതിരെയും എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്രൈം നമ്പർ 375/10 u/s 292, 295(A), 469, 120 (B) of IPC and Sec 66 and 67 of IT Act.

(ബി) അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം തയ്യാറാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിക്കുന്നതാണ്.

(സി&ഡി) 1. പേരൂർക്കട പോലീസ് സ്റ്റേഷൻ ക്രൈം 581/2010 u/s. 66 (A) (b) and IT Amendment Act 2008 (അറസ്റ്റ് ചെയ്തിട്ടില്ല).

2. എടത്വ പോലീസ് സ്റ്റേഷൻ. ക്രൈം 66/2010 u/s. Copy Right and IT Act (അറസ്റ്റ് ചെയ്തിട്ടില്ല).

3. കോയിപ്രം പോലീസ് സ്റ്റേഷൻ ക്രൈം 80/2002 u/s. 43, 66, 67 of IT Act 2000 and 120 (B), 292, 469, 500 and 34 IPC നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ ടിയാൻ, ടിയാന്റെ മകൻ അനീഷ് ബാലൻ എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാകുന്നു.

(ഇ-ജി) 'ഡിഫന്റർ' എന്ന പേരിൽ ഒരു പത്രമാസിക പെരുമ്പാവൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുമ്പനാട് IPC സഭയുടെ (ഹൈബ്രോൺപുരം) നടത്തിപ്പുകാർക്കെതിരെ ആക്ഷേപകരവും, അശ്ലീലപരമായ വാർത്തകളും ഇന്റർനെറ്റ് വഴി പ്രചരിപ്പിച്ചതിന്, ടി സഭയുടെ ചെയർമാൻ ശ്രീ. എസ്. എബ്രഹാം നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കോയിപ്രം പോലീസ് സ്റ്റേഷൻ ക്രൈം 80/2002 u/s. 43, 66, 67 of IT Act 2000 and 120 (B), 292, 469, 500 and 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. തുടർന്നുള്ള അന്വേഷണത്തിൽ ടി.എസ്. ബാലൻ ഒന്നാം പ്രതി, ടിയാന്റെ മകൻ അനീഷ് ബാലൻ രണ്ടാം പ്രതി എന്നിവരെ അറസ്റ്റ് ചെയ്ത് പത്തനംതിട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും, കോടതി ഇവരെ റിമാൻഡ് ചെയ്തിട്ടുള്ളതുമാകുന്നു. തുടർന്ന്, ബഹുമാനപ്പെട്ട കോടതി പ്രതികളെ ആറര വർഷം കഠിനതടവിനും 35,000 രൂപ പിഴ ഈടാക്കുന്നതിനും ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ടിയാൻമാർ ശിക്ഷ അനുഭവിച്ചിട്ടില്ലാത്തതും ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly